**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2836** **13-12-2022 - ൽ മറുപടിയ്ക്ക്**

**വടകര സിവിൽ സ്റ്റേഷനിലെ വൈദ്യുതി ചാർജ് കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വടകര സിവിൽ സ്റ്റേഷനിലെ വൈദ്യുതി ചാർജ് കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ; | (എ) | വടകര മിനി സിവിൽ സ്റ്റേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 24 ഓഫീസുകൾക്കായി നിലവിൽ ഒരു കണക്ഷൻ മാത്രമാണുള്ളത്. 10,306/- രൂപ മുൻ മാസത്തിലെ കുടിശ്ശികയും നവംബർ മാസത്തെ ബിൽ തുക 29,962/- രൂപയും കൂടി നിലവിൽ ആകെ കുടിശ്ശിക 40,268/- രൂപ ആണ്. ഓരോ ഓഫീസിനും പ്രത്യേകം പ്രത്യേകം കണക്ഷൻ നല്കുന്നതിനുവേണ്ടി നിലവിലുള്ള വയറിങ് ക്രമീകരിച്ച് അപേക്ഷ നൽകണമെന്ന് തഹസിൽദാറെ അറിയിച്ചിട്ടുണ്ട്. ഈ രീതിയിൽ ഓരോ ഓഫീസിനും പ്രത്യേകമായി കണക്ഷൻ എടുക്കുന്നതിലൂടെ സിവിൽ സ്റ്റേഷന്റെ വൈദ്യുതി ബന്ധം മൊത്തമായി വിച്ഛേദിക്കുന്നതും ബിൽ തുക അടക്കുന്നതിനുള്ള കാലതാമസവും ഒഴിവാക്കാൻ കഴിയും. |
| (ബി) | വടകര സിവിൽ സ്റ്റേഷനിൽ വൈദ്യുതി വിച്ഛേദിക്കുന്നത് പൊതുജനങ്ങൾക്കും ഓഫീസ് പ്രവർത്തനത്തിനും പ്രയാസം സൃഷ്ടിക്കുന്നതിനാൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (ബി) | വടകര മിനി സിവിൽ സ്റ്റേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 24 ഓഫീസുകൾക്കായി നിലവിൽ ഒരു കണക്ഷൻ മാത്രമാണുള്ളത്. 10,306/- രൂപ മുൻ മാസത്തിലെ കുടിശ്ശികയും നവംബർ മാസത്തെ ബിൽ തുക 29,962/- രൂപയും കൂടി നിലവിൽ ആകെ കുടിശ്ശിക 40,268/- രൂപ ആണ്. ഓരോ ഓഫീസിനും പ്രത്യേകം പ്രത്യേകം കണക്ഷൻ നല്കുന്നതിനുവേണ്ടി നിലവിലുള്ള വയറിങ് ക്രമീകരിച്ച് അപേക്ഷ നൽകണമെന്ന് തഹസിൽദാറെ അറിയിച്ചിട്ടുണ്ട്. ഈ രീതിയിൽ ഓരോ ഓഫീസിനും പ്രത്യേകമായി കണക്ഷൻ എടുക്കുന്നതിലൂടെ സിവിൽ സ്റ്റേഷന്റെ വൈദ്യുതി ബന്ധം മൊത്തമായി വിച്ഛേദിക്കുന്നതും ബിൽ തുക അടക്കുന്നതിനുള്ള കാലതാമസവും ഒഴിവാക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ